GENERAL EDUCATION DEPARTMENT
GOVT. OF KERALA

**IT@SCHOOL STATE PROJECT OFFICE**
(IT project under Directorate of Public Instruction)
VICTERS
(The complete educational channel)
POOJAPPURA P.O., THIRUVANANTHAPURAM-12
Ph: 0471-2529800 Fax: 0471-2529810
E-mail : contact@itschool.gov.in, victers@itschool.gov.in
Website : www.itschool.gov.in, www.victers.itschool.gov.in

No.ITS /2013/05/1421(2) തീയതി: 21.05.2013

## സർക്കുലർ

**വിഷയം:- ഐ ടി @ സ്കൂൾ പ്രോജക്ട് - സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 'സമ്പൂർണ്ണ' നടപ്പാക്കൽ - സ്കൂൾ അധ്യാപകർക്ക് പരിശീലനം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:
1) 18.08.2011 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ.
2) 13.12. 2011 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ
3) 03.03.2012- ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ
4) 13.03.2012- ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ
5) 30.04.2013- ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/48432/2012/ഡിപിഐ നമ്പർ സർക്കുലർ

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങൾക്കും പ്രയോജനപ്രദമായ സമ്പൂർണ്ണ ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന് സൂചന 1 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 2 പ്രകാരം 2012-13 അദ്ധ്യയന വർഷത്തെ ക്ലാസ് പ്രമോഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ 'സമ്പൂർണ്ണ' സോഫ്ട്‌വെയറിലൂടെ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സൂചന 3, 4 പ്രകാരം ഹൈസ്കൂളുകളിലെ സീനിയർ അധ്യാപകർ, ക്ലാർക്ക്, എസ്.ഐ.റ്റി.സി/ജോയിന്റ് എസ്.ഐ.റ്റി.സി എന്നിവർക്ക് പരിശീലനം നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രൈമറി മുതൽ ഹയർസെക്കന്ററിവരെയുള്ള എല്ലാ വിദ്യാലയങ്ങളിലും 'സമ്പൂർണ്ണ' നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രൈമറി ക്ലാസുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി അധ്യാപകർക്ക് പരിശീലനം നൽകണമെന്ന് സൂചന 5 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പരിശീലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. പ്രൈമറി (ലോവർ പ്രൈമറി & അപ്പർ പ്രൈമറി) വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർ, സ്കൂൾ ഐടി കോർഡിനേറ്റർ എന്നിവർക്ക് ഒരു ദിവസത്തെ പരിശീലനം ജില്ലകളിൽ നൽകുന്നതാണ്. നിലവിൽ ജില്ലകളിൽ നടത്തിക്കൊണ്ടിരിക്കുന്ന മാനേജ്മെന്റ് പരിശീലനത്തിന് തടസ്സംവരാത്ത വിധം ഈ പരിശീലനം ക്രമീകരിക്കേണ്ടതാണ്.

2. ഹൈസ്കൂളുകളിലെ സീനിയർ അധ്യാപകർ, ക്ലാർക്ക്, എസ്.ഐ.റ്റി.സി/ജോയിന്റ് എസ്.ഐ.റ്റി.സി എന്നിവർക്ക് പ്രോജക്ട് പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ ചില സ്കൂളുകളിലെ പരിശീലനം ലഭിച്ച അധ്യാപകർ സ്ഥലംമാറി പോയതായും പുതുതായി തെരഞ്ഞെടുത്ത എസ്.ഐ.ടി.സിമാർക്ക് പരിശീലനം ആവശ്യമാണെന്നും സ്കൂൾ അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഹൈസ്കൂളുകളിലെ ഐടി കോർഡിനേറ്റർമാർക്ക് പരിശീലനം ആവശ്യമെങ്കിൽ നൽകേണ്ടതാണ്.
3. പരിശീലനത്തിന് നിയോഗിക്കപ്പെടുന്ന മാസ്റ്റർട്രെയിനർ/റിസോഴ്സ്പേഴ്സണിന് പ്രത്യേക പരിശീലനം ആവശ്യമെങ്കിൽ ജില്ലയിലെ 'സമ്പൂർണ്ണ'യുടെ ചുമതലയുള്ള മാസ്റ്റർട്രെയിനറുടെ നേതൃത്വത്തിൽ പരിശീലനം നൽകേണ്ടതാണ്.
4. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് 100/- രൂപയും പരിശീലകർക്ക് (ആർ.പി) 150/- രൂപയും ഓണറേറിയം ഡിആർസി ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.
5. പരിശീലനകേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് വൈദ്യുതചാർജിനത്തിൽ 200/- രൂപ ഐടി അഡ്വൈസറി അക്കൗണ്ടിലേക്ക് ഡിആർസി ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
എല്ലാ എ.ഇ.ഒ, ഡി.ഇ.ഒമാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (എ.ഇ.ഒ/ഡി.ഇ.ഒ /ജില്ലാ കോർഡിനേറ്റർ മുഖേന)